പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.659 | 28 -09 -2011 - ൽ മറുപടിയ്ക്ക് |

## ബി.പി.എൽ. വിഭാഗക്കാർക്ക് സൗജന്യചികിത്സ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി :<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. സി.പി.മുഹമ്മദ് : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ബി.പി.എൽ. വിഭാഗക്കാർക്ക് സൗജന്യ ചികിത്സ നൽകുന്നതിനുള്ള നടപടി സംബന്ധിച്ച് വിശദാംശങ്ങൾ എന്തെല്ലാം ; | (എ)<br>(ബി)<br>(സി)<br>(ഡി) | 04.07.2008 ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി) നം.95/2008/എൽ.ബി.ആർ. പ്രകാരം സംസ്ഥാനത്തെ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക്, ആയത് കുടുംബത്തിലെ ഓരോ അംഗങ്ങൾക്കും 30,000/ രൂപ വരെയുള്ള ചികിത്സ സൗജന്യമായി ലഭ്യമാക്കുന്ന രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (RSBY) എന്ന പദ്ധതിയും, മറ്റുള്ളവർക്കായി കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് സ്കീം (സി.എച്ച്.ഐ.എസ്) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br>കൂടാതെ 18.01.2011 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)നം.06/2011/എൽ.ബി.ആർ. പ്രകാരം ആർ..എസ്.ബിവൈ./ ചിസ് ഉപഭോക്താക്കൾക്ക് അഡീഷണൽ ചികിത്സാ സൗകര്യമായി 70,000/ രൂപവരെ മാരകരോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം, കിഡ്നിരോഗങ്ങൾ എന്നിവയുടെ ചികിത്സയ്ക്കായി അനുവദിക്കുന്ന ചിസ് പ്ലസ് (CHIS PLUS) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എത്ര ലക്ഷം രൂപവരെയുള്ള സൗജന്യചികിത്സയാണ് നൽകാനുദ്ദേശിക്കുന്നത് ; | | |
| (സി) | ഇത് നടപ്പാക്കുന്നതിന് എത്ര ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; | | |
| (ഡി) | എത്ര പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്നും എന്നുമുതലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ; | | |

സെക്ഷൻ ഓഫീസർ